
## കത്തുകൾ

# ബദലിനുവേണ്ടിയുള്ള അന്വേഷണം

**സോവിയറ്റ്** യൂനിയൻ തകർന്നപ്പോൾ പലരും ആശങ്കയിലായിരുന്നു. അമേരിക്ക നേതൃത്വം നൽകുന്ന സാമ്രാജ്യത്വ-മുതാളിത്ത ശക്തികളെ കൂച്ചുവിലങ്ങിടാൻ ഇനിയാരുണ്ട് എന്ന ചോദ്യമായിരുന്നു അവരെ ആശങ്കയിലാഴ്ത്തിയത്. സോവിയറ്റ് യൂനിയൻ തകർന്നെങ്കിലും ലോകത്ത് അങ്ങിങ്ങായി ശേഷിച്ചിരുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽ പലർക്കും പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ കമ്യൂണിസത്തിൽ പ്രതീക്ഷയർപ്പിച്ചവർ വഞ്ചിതരാവുന്ന കാഴ്ചയാണ് പിന്നീട് കാണാൻ കഴിഞ്ഞത്. ലോകത്തെ ഏറ്റവും വലിയ കമ്യൂണിസ്റ്റ് രാഷ്ട്രമായ ചൈനയിൽ കമ്യൂണിസം മുതലാളിത്തത്തിന് വഴിമാറുന്നത് നാം കണ്ടു. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇന്നുവരെ നെഞ്ചോടുചേർത്ത ആശയങ്ങൾ എറിഞ്ഞു കളയാനുള്ള തത്രപ്പാടിലാണ്.

വികസനത്തിന് മുതലാളിത്തമാണ് ഏക മാർഗമെന്ന പശ്ചിമബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയുടെ നിലപാടിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മുൻമുഖ്യമന്ത്രി ജ്യോതിബസു പാർട്ടി നിലപാട് വ്യക്തമാക്കിയിരിക്കുകയാണല്ലോ. ഇന്ത്യയിലെ മാർക്സിസ്റ്റ് പാർട്ടിയും ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്നതിന്റെ സൂചനയായി ഇതിനെ വായിച്ചെടുക്കാം. തൊഴിലാളികളിലൂടെ പടുത്തുയർത്തപ്പെട്ട പ്രസ്ഥാനം സമ്പത്തും അധികാരവും ലഭിച്ചപ്പോൾ മുതലാളിത്തത്തിന്റെ കുഴലൂത്തുകാരായി മാറുന്ന വിധി വൈപരീത്യം. മുതലാളിത്ത സാമ്രാജ്യത്വ ശക്തികളുടെ പേടി സ്വപ്നമാകേണ്ടതിനു പകരം അവർക്ക് കൂട്ടിരുപ്പുകാരായി മാറാനാണ് മാർക്സിസ്റ്റ് ആചാര്യന്മാർ ശ്രമിക്കുന്നത്. സോഷ്യലിസം പെട്ടെന്ന് നേടാൻ കഴിയുന്ന ലക്ഷ്യമല്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. നന്ദിഗ്രാമിൽ അടിസ്ഥാന വർഗത്തെ അവരുടെ പുരയിടങ്ങളിൽനിന്ന് ആട്ടിയിറക്കി ഭൂമി മുഴുവൻ സമ്പന്നർക്ക് തീറെഴുതിക്കൊടുത്ത നടപടി 'മാർക്സിസ്റ്റ് മുതലാളിത്തം' അല്ലാതെ മറ്റെന്താണ്.

മുതലാളിത്തത്തെ മെരുക്കാൻ കരുത്തുള്ള ഒരു ബദലിനെക്കുറിച്ച അന്വേഷണം ലോകമെമ്പാടും ഇന്ന് ശക്തമാണ്. ഇസ്‌ലാമിനെയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ബദലായി ഉയർത്തിക്കാട്ടുന്നത്. മുതലാളിത്തത്തെ ആദർശപരമായി ചെറുക്കാനുള്ള കരുത്ത് ഇസ്‌ലാമിനേയുള്ളൂ എന്നു തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പക്ഷേ, നമ്മുടെ ഇസ്‌ലാമിക സംഘടനകൾക്ക്




ഇസ്‌ലാം ഒരു ബദൽ സംവിധാനമല്ല. ഇസ്‌ലാം അവർക്ക് കർമശാസ്ത്ര ഭിന്നതകളുടെയും മറ്റും പേരിൽ തമ്മിൽ തല്ലാനുള്ള വേദിയാണ്. എല്ലാവരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഇസ്‌ലാമിന്റെ സമകാലിക പ്രസക്തി തെളിയിക്കുന്നതിന് ഇസ്‌ലാമിക പ്രസ്ഥാനം മുൻകൈയെടുക്കണം.

**ലുഖ്മാൻ വളവന്നൂർ**

# തെരഞ്ഞെടുപ്പ് രാഷ്ട്രീയം
## പ്രസ്ഥാന നിലപാട് അംഗീകരിക്കപ്പെടുന്നു

**സമാന്യ** മര്യാദകൾ പോലും ലംഘിച്ച് ഒറ്റ ആഴ്ചയിൽ തന്നെ രണ്ട് സംസ്ഥാന സമ്മേളനങ്ങൾ നടത്തുകയാണ് മുജാഹിദ് സംഘടനകൾ. ഇരുവിഭാഗവും തമ്മിലുള്ള ആരോപണ പ്രത്യാരോപണങ്ങളാൽ മുഖരിതമാണ് സമ്മേളന പ്രചാരണങ്ങൾ. ഇതുകാണുമ്പോൾ മൻഹജും സലഫിസവും അറിഞ്ഞുകൂടാത്ത സാധാരണക്കാർ ചോദിക്കുന്നു, എന്താണിവർ പറയുന്നത്? ആരു പറയുന്നതാണ് ശരി? അതേസമയം ഈ കലഹത്തിൽ ഒരുനിലക്കും കക്ഷിചേരാത്ത, പ്രശ്നങ്ങൾ പരിഹരിച്ച് കാണാൻമാത്രം ആഗ്രഹിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്നെതിരിൽ നിരന്തരം ആരോപണങ്ങളുന്നയിക്കുന്നതിൽ ഇരു കൂട്ടരും മത്സരിക്കുകയും ചെയ്യുന്നു. പിളർപ്പിന് കാരണമായി ഒരു വിഭാഗം മറുവിഭാഗത്തിന്റെ മേൽ ആരോപിക്കുന്നത് ജമാഅത്തിന്റെയും ഇഖ്‌വാനിന്റെയും സ്വാധീനമാണ് എന്നതിനാൽ, ആരോപിത വിഭാഗം എതിർപ്പിൽ മേൽകൈ നേടാൻ ശ്രമിക്കുന്നത് സ്വാഭാവികം. അതിനവർ തെരഞ്ഞെടുക്കുന്ന വിഷയം തെരഞ്ഞെടുപ്പു രാഷ്ട്രീയവും.

പ്രസ്ഥാനം രൂപീകരിച്ചതു മുതൽ തെരഞ്ഞെടുപ്പടക്കമുള്ള കാര്യങ്ങളിൽ അതിന്റെ നയനിലപാടുകളുടെ ഇസ്‌ലാമിക മാനവും മറ്റും ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ വിശദീകരിക്കപ്പെട്ടതാണ്. പക്ഷേ, അവിഭക്ത ഇന്ത്യയിലെയും സ്വതന്ത്രഇന്ത്യയിലെയും സ്ഥലകാല ചുറ്റുപാടുകൾക്കനുസരിച്ച് എടുത്ത തീരുമാനങ്ങളും നയങ്ങളും വിശദീകരിക്കുന്ന ലേഖനങ്ങളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ചില ഭാഗങ്ങൾ അടർത്തിയെടുത്ത് പുകമറ സൃഷ്ടിക്കാനാണ് ഇവർ ശ്രമിക്കുന്നത്.

ഇപ്പോഴിതാ രണ്ട് കൂട്ടരും ഒരുപോലെയംഗീകരിക്കുന്ന റാബിത്വതുൽ ആലമിൽ ഇസ്‌ലാമിയുടെ കീഴിൽ ലോകത്തെ അറിയപ്പെടുന്ന നൂറുകണക്കിന് മഹാപണ്ഡിതന്മാരുൾക്കൊള്ളുന്ന പണ്ഡിതസഭ വിശദമായ പഠനഗവേഷണങ്ങൾക്കു ശേഷം ഒരു വിധി പ്രസ്താവിച്ചിരിക്കുന്നു. അത് ഇങ്ങനെ സംഗ്രഹിക്കാം. 'ഒരു മുസ്‌ലിമിന് ഇസ്‌ലാമികമല്ലാത്ത തന്റെ രാജ്യത്ത് മുസ്‌ലിംകളല്ലാത്തവരോടൊപ്പം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുക എന്ന വിഷയത്തിൽ സ്ഥലകാല ചുറ്റുപാടുകൾ പരിഗണിച്ചും നന്മതിന്മകളുടെ അളവുകോൽ മാനദണ്ഡമാക്കിയും മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളുവെന്നും അതുകൊണ്ടുതന്നെ സ്ഥായിയായ ഒരു വിധിക്കു പകരം തീരുമാനങ്ങൾ വ്യത്യസ്ഥമായിരിക്കുമെന്നും സഭ വിധിക്കുന്നു. ചില പ്രത്യേക ലക്ഷ്യസാക്ഷാൽക്കാരത്തിനു വേണ്ടി പരിമിതികളോടെയും നിബന്ധ

നകളോടെയും മാത്രമാണ് ഇത് അനുവദനീയമാക്കുന്നതെന്നും തീരുമാനിച്ചിരിക്കുന്നു (ഉദ്ധരണം *അൽ ആലമുൽ ഇസ്‌ലാമി* ലക്കം: 2004, ഹി.1428, ദുൽഖഅദ്: 2). ഇന്ത്യയെപ്പോലൊരു ബഹുസ്വര സമൂഹത്തിൽ നേരത്തെ പറഞ്ഞ രൂപത്തിൽ നയനിലപാടുകളെടുക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്നെതിരിൽ ഈ വിഷയത്തിലുള്ള കുറ്റാരോപണങ്ങൾ ഇനിയെങ്കിലും ഇവർ മതിയാക്കുമോ?

**അബ്ദുൽഹമീദ് കളത്തിൽ**

# മാലിന്യങ്ങൾ കുറ്റകൃത്യങ്ങളായി പുറത്തുവരുന്നു

**വഴിതെറ്റുന്ന** കൗമാരത്തെക്കുറിച്ച ലേഖനങ്ങളും കുറിപ്പുകളും ശ്രദ്ധിച്ചു. കഴിഞ്ഞ ഇരുപത് വർഷത്തെ കേരളീയന്റെ ജീവിതം പരിശോധിച്ചാൽ വലിയ മാറ്റങ്ങൾ കാണാനാവും. പാശ്ചാത്യ-മുതലാളിത്ത ശൈലിയിൽ ജീവിക്കാൻ തുടങ്ങിയതാണ് അതിൽ പ്രധാനം; ഒരു മുതലാളിത്ത മനസ്സ് രൂപപ്പെട്ടു. മൊബൈലില്ലാത്തവൻ ഒന്നിനും കൊള്ളാത്തവനും ദാരിദ്ര്യരേഖക്ക് താഴെയുമാണെന്ന ഒരു പൊതുബോധം നമ്മുടെ കലാലയങ്ങളിലുണ്ട്. അത്തരം കലാലയങ്ങളിൽ വളരുന്ന കുട്ടികൾ കടുത്ത മാനസിക സമ്മർദത്തിലാണ്. മനശ്ശാസ്ത്രജ്ഞനായ സി.ജെ ജോൺ നൽകുന്ന ഉദാഹരണം കാണുക. പ്രശസ്ത എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന നിർധന കുടുംബത്തിലെ പെൺകുട്ടി. ഹോസ്റ്റലിലെ റൂമേറ്റ് വൈകീട്ട് ആറ് മണിയായാൽ 'നിർധന'യെ മുറിക്ക് പുറത്താക്കി കാമുകനുമായി മണിക്കൂറുകളോളം ശൃംഗരിക്കും. കടുത്ത അപകർഷതാബോധത്തിൽവീണ കുട്ടി എങ്ങനെയോ ഒരു മൊബൈൽ ഫോൺ സംഘടിപ്പിച്ചു. മാസത്തിൽ റീചാർജ് ചെയ്യാനായി അവൾ മോഷ്ടിക്കാൻ തുടങ്ങിയത് പിടിക്കപ്പെട്ടു.

ആഡംബര ജീവിതത്തിന് പണം കണ്ടെത്താനായി മോഷണങ്ങളും ബാങ്ക് കൊള്ളയുമൊക്കെ നടത്തിയ യുവസാഹസികരുടെ കഥകൾ നാം പത്രമാധ്യമങ്ങളിൽ വായിച്ചതാണ്. കുമാരികളാണെങ്കിൽ ശരീരം ബോയ്ഫ്രണ്ടിന് കാഴ്ചവെച്ചും പണം സമ്പാദിക്കുന്നു. എല്ലാറ്റിന്റെയും ലക്ഷ്യം സുഖജീവിതം.

സമൂഹത്തിൽ ഇത്തരം ജീർണതകൾ നിലനിൽക്കുമ്പോഴും തിരുത്തൽ ശക്തിയാകേണ്ട മാധ്യമങ്ങൾ പക്ഷേ, ലാഭം മാത്രം ലക്ഷ്യംവെച്ച് അശ്ലീലം പ്രചരിപ്പിക്കുകയാണ്. മലയാളത്തിലെ ദശക്കണക്കിന് ചാനലുകളും എഫ്.എം റേഡിയോ സ്റ്റേഷനുകളും പ്രക്ഷേപണം ചെയ്യുന്ന അശ്ലീലങ്ങളും ശൃംഗാര സല്ലാപങ്ങളും സാംസ്കാരിക കേരളം ആവോളം ആസ്വദിക്കുകയാണ്. പത്തുവയസ്സുകാരന്റെ ബുദ്ധിയും മുതിർന്നവരുടെ വികാരങ്ങളുമുള്ള ജീവിയെയാണ് ഇന്ന് മാധ്യമങ്ങൾ സൃഷ്ടിക്കുന്നതെന്ന് ഡോ. സി.ജെ ജോൺ മുന്നറിയിപ്പ് നൽകുന്നു.

മ്യൂസിക് ആൽബങ്ങളും സിനിമകളും ഒരു സെൻസറിംഗുമില്ലാതെയാണ് വിപണിയിലെത്തുന്നതെന്ന് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ അഡീ. റീജ്യനൽ ഓഫീസർ ഇ.എൻ സജിത്ത് പറയുന്നു. വിദേശ രാജ്യങ്ങളിൽ സെൻസർഷിപ്പ് റിവ്യൂകമ്മിറ്റി, ഫാമിലി വ്യൂവിംഗ് പോളിസി, ഇൻഡിപെൻഡന്റ് ടെലിവിഷൻ കമീഷൻ എന്നീ സർക്കാർ ഏജൻസികൾ മുഖേന ചാനലുകളെ നിയന്ത്രിക്കുമ്പോൾ ഇന്ത്യയിൽ അങ്ങനെയൊന്നില്ലത്രെ! അതു കൊണ്ടാണല്ലോ ഫാഷൻ ടി.വിയും എം.ടി.വിയും സതേൺ സ്പേസുമൊക്കെ അശ്ലീലത വാരിക്കോരി വിതറുന്നത്. സാർകോസി മോഡൽ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും യുവമിഥുനങ്ങളെ ഇക്കിളിപ്പെടുത്തുകയും ചെയ്യുന്ന ഫ്രാൻസിന്റെ ഫാഷൻ ടി.വിയുടെ സംപ്രേഷണം കഴിഞ്ഞ വർഷത്തിൽ ഇന്ത്യൻ സർക്കാർ വിലക്കിയിരുന്നതാണ്. പക്ഷേ, പിന്നീട് ആ വിലക്ക് എടുത്തുകളയുകയാണുണ്ടായത്. ഒരു സർവേ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ യുവപ്രേക്ഷകരുള്ളത് ഇതേ ഫാഷൻ ടി.വിക്കാണ്! ലൈംഗികത മുഖ്യപ്രമേയമാക്കുന്ന വനിതാ മാസികകളും ആരോഗ്യമാസികകളും ഇളം തലമുറക്ക് നൽകുന്ന സന്ദേശവും മറ്റൊന്നല്ല. മലയാള പത്രങ്ങളിലെ മുത്തച്ഛന്മാർ തന്നെയാണ് വാലന്റൈൻ ദിനത്തിൽ കാമുകീ-കാമുകന്മാർക്ക് ആശംസകൾ കൈമാറാൻ വേണ്ടുവോളം സ്ഥലമനുവദിച്ച് ലാഭം കൊയ്യുന്നത്. എയിഡ്സ് ബോധവൽക്കരണത്തിന്റെ പേരിൽ ഭരണകൂടം സ്വതന്ത്ര ലൈംഗികത പ്രോത്സാഹിപ്പിക്കുന്നതും ലൈംഗിക വിദ്യാഭ്യാസത്തിന്റെ മറവിൽ കുട്ടികളെ അധാർമികതകളിലേക്ക് നയിക്കാൻ ശ്രമിക്കുന്നതും നാം കാണുന്നു.

അതുകൊണ്ടുമാത്രം കുട്ടികളെ പഴി പറഞ്ഞ് നമുക്ക് ഒഴിഞ്ഞു മാറാനാവില്ല. അവർ കാണുന്നതും കേൾക്കുന്നതും അറിയുന്നതും അനുഭവിക്കുന്നതുമെല്ലാം മലിനമാണ്. ആ മാലിന്യങ്ങളാണ് കുറ്റകൃത്യങ്ങളായി പുറത്തുവരുന്നത്.

**യഹ്‌യ മേലാറ്റൂർ**

## തിജാറത്ത് എം.ഡിയുടെ പതിപ്പുകൾ

**ഫൈസൽ** കൊച്ചിയുടെ 'അബൂദർറ്' കഥ നന്നായി. ഇസ്‌ലാമിക പ്രവർത്തകർക്ക് ആത്മപരിശോധനക്കും സ്വയംവിമർശനത്തിനും ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കഥ വായിച്ചപ്പോൾ 'തിജാറത്ത് എം.ഡി അൻസാറി'നെപ്പോലുള്ള പലരും മുന്നിൽ വന്നു നിൽക്കുന്നതായി തോന്നി. ഗൾഫിലുള്ള ഒരു സ്വകാര്യ സ്ഥാപനത്തിലേക്ക് പ്രസ്ഥാന പ്രവർത്തനം കൂടി ലക്ഷ്യമാക്കി ഇസ്‌ലാമിയാ കോളേജിൽ പഠിച്ചവരെ കൊണ്ടുവന്ന് വെട്ടിലായ ഒരു സാധു മനുഷ്യനെ എനിക്കറിയാം. സൗജന്യമായി ഇവിടെയെത്തി മാസം അഞ്ച് തികയുന്നതിനുമുമ്പേ ഏതാണ്ടെല്ലാവരും മെച്ചപ്പെട്ട ലാവണം തേടിപ്പോയി!

പ്രസ്ഥാനം ചെല്ലും ചെലവും ചെയ്ത് ഇസ്‌ലാമിയാ കോളേജിൽ പഠിച്ചിറങ്ങുന്ന പലരിൽനിന്നും പ്രസ്ഥാനവും പ്രവർത്തകരും പ്രതീക്ഷിക്കുന്നത് ലഭ്യമാവുന്നില്ല എന്നത് ഒരു യാഥാർഥ്യമാണ്. സാധാരണ പ്രവർത്തകർ കാണിക്കുന്ന ആത്മാർഥതപോലും പ്രസ്ഥാനപ്രവർത്തനങ്ങളോട് ഇവർ കാണിക്കാറില്ല. പ്രസ്ഥാനത്തിന്റെ ചെലവിൽ പഠിച്ചിറങ്ങി ഉന്നതരായവർ സംഘടനക്ക് ഊർജമാവേണ്ടതിനു പകരം മറ്റുള്ളവരുടെ പ്രവർത്തനോത്സുകതകൂടി തല്ലിക്കെടുത്തുന്ന സമീപനങ്ങളും കണ്ടുവരുന്നു.

**അബൂഹലീജ് കവ്വായി**